ഈ വർഷത്തെ ശിശുദിന സ്റ്റാമ്പിന് അനുയോജ്യമായ ചിത്രങ്ങൾ തെരഞ്ഞെടുക്കാൻ ഒൻപത് വയസ് മുതൽ 17 വയസു വരെ പ്രായമുള്ള കുട്ടികളിൽ നിന്നും സംസ്ഥാന ശിശുക്ഷേമ സമിതി ചിത്രരചനകൾ ക്ഷണിച്ചു. ചിത്രങ്ങൾക്ക് ജലഛായം, പോസ്റ്റർ കളർ, ക്രയോൺസ്, ഓയിൽ പെയിന്റ് ഇവയിൽ ഏതെങ്കിലും ഒന്ന് ഉപയോഗിക്കാം. പേപ്പറിന്റെ വലിപ്പം 12ഃ9 സെ.മി. പ്രിയപ്പെട്ട കലാം സാർ എന്നതാണ് വിഷയം. സ്റ്റാമ്പിന്റെ വലിപ്പത്തിലേക്ക് ചിത്രം ചെറുതാക്കുന്നതുമൂലം വിശദാംശങ്ങൾ അസ്പഷ്ടമാകാൻ ഇടയുള്ളതിനാൽ ചിത്രത്തിന് തെരഞ്ഞെടുക്കേണ്ട നിറം പശ്ചാത്തല രേഖകൾ ഇവ കൂടുതൽ സങ്കീർണമാകാതിരിക്കാൻ ശ്രദ്ധിക്കണം. തെരഞ്ഞെടുത്ത ചിത്രം വരച്ച വിദ്യാർത്ഥിക്ക് സമ്മാനവും സമ്മാനാർഹമായ വിദ്യാർത്ഥി പഠിക്കുന്ന സ്കൂളിനു റോളിങ് ട്രോഫിയും നൽകും. വിദ്യാർത്ഥിയുടെ പേര്, വയസ്, മേൽവിലാസം, പഠിക്കുന്ന ക്ലാസ് എന്നിവ ചിത്രത്തിന്റെ മറുപുറത്ത് എഴുതി സ്കൂളിലെ ഹെഡ്മാസ്റ്റർ/ ഹെഡ്മിസ്ട്രസ് സാക്ഷ്യപ്പെടുത്തണം. ചിത്രരചനകൾ അഡ്മിനിസ്ട്രേറ്റർ & ജില്ലാ കളക്ടർ, തിരുവനന്തപുരം, കേരള സംസ്ഥാന ശിശുക്ഷേമസമിതി, തൈക്കാട്, തിരുവനന്തപുരം 14 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ വഴിയോ സെപ്റ്റംബർ 30 നകം എത്തിക്കണം. കവറിനുപുറത്ത് പ്രിയപ്പെട്ട കലാം സാർ എന്ന് എഴുതിയിരിക്കണം